Mr. P. K. Dewer *(Nominated):* Since the report is not an agreed one, is it not necessary to publish it, before orders are passed on the same?

Mr. President: Order, order. That is not a request for information. It is a suggestion which will receive due consideration.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the report of the last Franchise Committee was not published immediately after its receipt by the Government?

Rao Sahib P. V. Raphael *(Chief Secretary to Government):* Since then considerable changes have come in. We have four Ministers and a Cabinet. That is the circumstance of the day.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Are we to take it that these laudable features would negative the privilege of the public to read the report in the Gazette?

Mr. President: Order, order. The Hon'ble Member seems to be taking it for granted that the Report will never be published. He has already been told more than once, that the Government are considering the procedure to be followed in connection with this report and he must leave the matter there.

Mr. P. A. Mohammad Ashrof *(Cranganur):* May I know whether the recommendation of the Committee recorded is in consonance with the general opinion of the Muslim public?

Rao Sahib P. V. Raphael *(Chief Secretary to Government):* I want notice.

മിസ്റ്റർ കെ. എ. രാഘവൻ: പബ്ലിക്ക് എൻകയറി നടത്തി എന്ന പറഞ്ഞുവല്ലൊ അതെന്താണ്?

റാവുസാഹിബ് പി. വി. റാഫേൽ: ഫാഞ്ചെസ് കമ്മറി ഓരോ സ്ഥലത്തും പോയി മീറ്റിങ്ങ് കൂടി എവിഡൻസ് എടുത്തിട്ടുണ്ട്. അവർ എട്ടൊമ്പതു മാസക്കാലം ആ ജോലി തന്നെ ചെയ്തിരുന്നു.

Mr. P. A. Mohamad Ashrof *(Cranganur):* May I know whether the Government would be pleased to reject the recommendations?

Mr. President: Order order. That is not a request for information.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പൊതുതിരഞ്ഞെടുപ്പ് കഴിയുന്നവേഗത്തിൽ നടത്തുത്തക്കവണ്ണം റിപ്പോർട്ടിന്മേൽ ഗവമ്മെണ്ടു ഉത്തരവു പാസ്സാക്കുമൊ?

Rao Sahib P. V. Raphael *(Chief Secretary to Government):* The intention of the Government is to expedite all these things. That good intention is there. Only that should not be obstructed by again asking to publish it again and invite public opinion.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ൟ മാസത്തിനുള്ളിൽ ഒരു പൊതുതിരഞ്ഞെടുപ്പ് നടത്തുവാൻ കഴിയുന്നവേഗത്തിൽ ഗവർമെണ്ടു അതിന്മേൽ നടപടി നടത്തുമൊ?

റാവുസാഹിബ് പി. വി. റാഫേൽ: കഴിയുന്ന വേഗത്തിൽ ചെയ്യണമെന്നാണ് ഗവമ്മെണ്ടിന്റെ ഉദ്ദേശം. ആറുമാസമൊ മൂന്നു മാസമൊ എന്നൊന്നും പറയുവാൻ തരമില്ല.

SLAUGHTER OF CATTLE—OFFICER ISSUING PERMITS FOR

1. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) വൈപ്പിൻ കരയിൽ ആടുമാടുകളെ വധയോഗ്യമാക്കി പാസ്സാക്കിക്കൊടുക്കുന്ന അധികൃതൻ ആരാണ്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ വൈപ്പിൻ കരയിൽ ആഫീസില്ലാത്ത ആളാണെങ്കിൽ ജനങ്ങൾക്കും അതിന്റെ വ്യവസായികർക്കും കഷ്ടപ്പാടുകൾ നേരിടുമെന്നു ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മട്ടാഞ്ചേരി മൃഗഡോക്ടർ.

(ബി) അറിയാം. വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്.

മിസ്റ്റർ കെ. എ. രാഘവൻ: ഇതിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ വളരെ മുമ്പേതന്നെ ഗവർമെണ്ടിനു കിട്ടിട്ടില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം. ഇപ്പോൾ ഒരാക്ഷേപം കിട്ടീട്ടുണ്ട്. അതിനെ പരിഹരിക്കുവാൻ വേണ്ടതു ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ: ഉടനെതന്നെ അതിനു പരിഹാരം ചെയ്യാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുന്ന വേഗത്തിൽ ചെയ്യുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാനിട്ടറി ഇൻസ്പെക്ടർമാർ ഈ കൃത്യം നടത്താറില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ഇപ്പോൾ ഒരു ജി. പി. ഉണ്ടായിട്ടുണ്ടു്. ആ ആർഡർ പ്രകാരമാണു് ഇപ്പോൾ ചെയ്യുവരുന്നതു്. ഗവമ്മെണ്ടു് ആഫ് ഇൻഡ്യ ഇതിനു സ്പെഷൽ അപ്പീസേഴ്സിനെ വെച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: സാനിട്ടറി ഇൻസ്പെക്ടർമാരെകൊണ്ടു് ഈ ജോലി ചെയ്യിക്കുവാൻ പാടില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ഒന്നര വയസ്സു്, രണ്ടുവയസ്സു്, നാലു വയസ്സു് എന്നൊക്കെ നോക്കി കൊല്ലുവാൻ പാടുള്ളതാണൊ എന്നു നിശ്ചയിക്കുവാനുള്ള അധികാരം ആർഡർപ്രകാരം ഗവ ഡാക്ടക്കാണു്.

മിസ്റ്റർ പി. കെ. ഡീവർ: ആ നിബന്ധനകൾഅനുസരിച്ചു ചെയ്യുവാൻ സാനിട്ടറി ഇൻസ്പെക്ടർമാരെ അധികാരപ്പെടുത്തിക്കൂടെ?

റാവു ബഹദൂർ ടി. കെ. നായർ: അതിനെ സംബന്ധിച്ചുള്ള കൂടുതൽ പരിചയം ഗവ ഡാക്ടർക്കാണെന്നാണു് വിചാരിക്കുന്നതു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: വയസ്സായ ഗുഗങ്ങളെ കൊന്നു് ആ വക സാധനങ്ങൾ മനുഷ്യർ തിന്നുമ്പോൾ അതുകൊണ്ടുള്ള ദോഷം നേരിടുകയില്ലേ?

റാവു ബഹദൂർ ടി. കെ നായർ: ഗവമ്മെണ്ടു് ആഫ് ഇൻഡ്യ എന്തൊക്കെ ചെയ്യുന്നുവൊ അതുപോലെ പലതും ഇവിടെയും ചെയ്യേണ്ടിവരും. അവരുമായുള്ള ബന്ധം നിലനിൽത്തിപ്പോരുവാൻ അങ്ങിനെ ചെയ്യേണ്ടതു് ആവശ്യമാണു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: അങ്ങിനെ ചെയ്യിട്ടല്ലെ തുശ്ശിവപേരുരിലുള്ള അധികം ആളുകളുടെയും തലയുടെ പിന്നിൽ മുഴ കാണുന്നതു്? (ചിരി).

PAY OF PANCHAYAT CLERKS AND PEONS

13. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പഞ്ചായത്തു ക്ലാർക്കുമാരുടേയും ശിപായിമാരുടേയും ശമ്പളം അതായതു പഞ്ചായത്താപ്പീസ്സുമുഖേനതന്നെയാണൊ വിതരണം ചെയ്യുന്നതു്;

(ബി) ഓവർസിയരാപ്പീസ്സിലോ, ഇൻസ്പെക്ടരാപ്പീസ്സിലോ പോയി ശമ്പളം വാങ്ങിക്കൊള്ളേണ്ടതാണെന്നു കാണിച്ചു് പഞ്ചായത്തു ഡയറക്ടർ അവർകൾ ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഇപ്പോൾ അതായതു പഞ്ചായത്തുമുഖേനയാണു് വിതരണം ചെയ്യുന്നതു്.

(ബി) ഉണ്ടു്. എന്നാൽ അതു പിന്നീടു റദ്ദുചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. എ രാഘവൻ: ഇനിയുള്ള ശമ്പളമെല്ലാം പഞ്ചായത്താപ്പീസ്സു് മുഖേനതന്നെ ക്ലാർക്കുമാർക്കു കിട്ടുമൊ?

റാവു ബഹദൂർ ടി. കെ. നായർ: തീച്ചയായിട്ടും.

മിസ്റ്റർ കെ. എ. രാഘവൻ: കഴിഞ്ഞമാസംവരെ ശമ്പളം ആഫീസ്സുമുഖേന കിട്ടിയിട്ടില്ല.

റാവു ബഹദൂർ ടി. കെ. നായർ: "പിന്നീടു റദ്ദു ചെയ്തിട്ടുണ്ടു്" എന്നു പറഞ്ഞിരിക്കുന്നതു് അതാണു്.

LIBRARY ARCHIVES Kerala Legislative Assembly